LIBRARY ARCHIVES Kerala Legislative Assembly

വെട്ടിയാർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

148 [109] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) എത്ര പോലീസ് സ്റ്റേഷനുകളാണ് പുതുതായി സംസ്ഥാനത്ത് ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ആലപ്പുഴ ജില്ലയിൽ മാങ്കാംകുഴി കേന്ദ്രമാക്കി വെട്ടിയാർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമം വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻഗണനാലിസ്റ്റ് അംഗീകരിച്ച 6-1-2005-ലെ സ. ഉ. (സാധാ) 58/2005/ആഭ്യന്തരം നമ്പർ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) പുതുതായി 59 പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനാണ് മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

(സി) 6-1-2005-ലെ സ.ഉ. (സാധാ) നമ്പർ 58/04/ആഭ്യന്തരം-ൽ പറഞ്ഞിട്ടുള്ള മുൻഗണനാക്രമം കർശനമായി പാലിച്ചുകൊണ്ട് ഓരോ പോലീസ് സ്റ്റേഷനുകളും തുടങ്ങുന്നതിന് പോലീസ് ഡയറക്ടർ ജനറൽ പ്രത്യേകം പ്രത്യേകം സമർപ്പിക്കുന്ന ശുപാർശകൾ പരിശോധിച്ച് തീരുമാനമെടുത്തുവരുന്നു.

മുളങ്കുന്നത്തുകാവിൽ പോലീസ് സ്റ്റേഷൻ

149 [110] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് മുളങ്കുന്നത്തുകാവിൽ പുതിയ പോലീസ് സ്റ്റേഷൻ തുറക്കും എന്ന് തീരുമാനം ഉണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നത്തേയ്ക്കാണ് ആരംഭിക്കുക എന്നും, ഏതെല്ലാം പഞ്ചായത്തുകളാണ് ഈ പോലീസ് സ്റ്റേഷനുകീഴിൽ വരിക എന്നും വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.